**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3436 | 08.11.2019-ൽ മറുപടിയ്ക്ക് |
|---|---|

**കൊല്ലം കോർപ്പറേഷനിലെ അമൃത് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം. മുകേഷ് | | എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി | |
| (എ) | കൊല്ലം കോർപ്പറേഷൻ പരിധിയിൽ കൊല്ലം കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്ന അമൃത് പദ്ധതികളുടെ പുരോഗതി എപ്രകാരമാണ്; വിശദാംശം ലഭ്യമാക്കുമോ; | (എ) | അമൃത് പദ്ധതിയിൽ കൊല്ലം കോർപ്പറേഷനിൽ അഞ്ച് മേഖലകളിലായി 253.45 കോടി രൂപയുടെ 60 പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഈ 60 പദ്ധതികൾക്ക് 207.19 കോടി രൂപയുടെ ഭരണാനുമതിയും 209.003 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകി. ടെന്റർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. 110.90 കോടി രൂപയുടെ 51 പദ്ധതികളുടെ വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. ഇതിൽ 13 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. നാളിതുവരെ പദ്ധതിക്കായി 35.02 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.<br><br>ശുദ്ധജല വിതരണ സെക്ടറിലെ 16 പദ്ധതികൾക്ക് 105.18 കോടി രൂപയ്ക്ക് ഭരണാനുമതിയും 116.03 കോടി രൂപയ്ക്ക് സാങ്കേതികാനുമതിയും ലഭിച്ചിട്ടുള്ളതും 114.93 കോടി രൂപയ്ക്ക് ടെന്റർ ക്ഷണിച്ചിട്ടുള്ളതുമാണ്.<br><br>ടി പദ്ധതികളിൽ കേരള വാട്ടർ അതോറിറ്റി 14 പ്രവൃത്തികളും കോർപ്പറേഷൻ 2 പ്രവൃത്തികളും നിർവ്വഹണം നടത്തി വരുന്നു. ജല അതോറിറ്റിയുടെ 6 പ്രവൃത്തികൾ പൂർത്തീകരിച്ചു. ബാക്കി പ്രവൃത്തികളുടെ നിർവ്വഹണ നടപടികൾ പുരോഗമിക്കുന്നു. കോർപ്പറേഷൻ നിർവ്വഹണം നടത്തിവരുന്ന 2 ശുദ്ധജല വിതരണ പദ്ധതികളുടെയും നിർമ്മാണം പുരോഗമിച്ചു വരുന്നു.<br><br>സെപ്റ്റേജ്ആന്റ് സിവറേജ് മാനേജ്മെന്റ് സെക്ടറിൽ 5 പദ്ധതികൾക്ക് 42.66 കോടി രൂപയ്ക്ക് ഭരണാനുമതിയും 39.8 കോടി രൂപയ്ക്ക് സാങ്കേതികാനുമതിയും ലഭിക്കുകയും 39.8 കോടി രൂപയ്ക്ക് ടെന്റർ ക്ഷണിച്ചിട്ടുള്ളതുമാണ്. നാളിതുവരെ ടി സെക്ടറിലെ പദ്ധതികൾക്കായി തുകയൊന്നും ചെലവഴിച്ചിട്ടില്ല. ഈ മേഖലയിൽ 2 പദ്ധതികൾ കേരള വാട്ടർ അതോറിറ്റിയും 3 പദ്ധതികൾ കോർപ്പറേഷനുമാണ് നടത്തുന്നത്. ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു.<br><br>സ്റ്റോം വാട്ടർ ഡ്രെയിനേജ് സെക്ടറിലെ 20 പദ്ധതികൾക്ക് 32.2 കോടി രൂപയുടെ ഭരണാനുമതിയും 29.17 കോടി രൂപയുടെ സാങ്കേതികാനുമതിയും ലഭിച്ചിട്ടുള്ളതും 29.17 കോടി രൂപയ്ക്ക് ടെന്റർ ക്ഷണിച്ചിട്ടുള്ളതുമാണ്. കൂടാതെ 28.99 കോടി രൂപയ്ക്ക് വർക്ക് അവാർഡ് ചെയ്തിട്ടുമുണ്ട്. ഈ മേഖലയിലെ 20 പ്രവൃത്തികളും കോർപ്പറേഷനാണ് |

| | | | |
|---|---|---|---|
| | | | നിർവ്വഹിക്കുന്നത്. 3 പ്രവൃത്തികൾ പൂർത്തിയായി. 17 പ്രവൃത്തികളുടെ നിർവ്വഹണം പുരോഗതിയിലാണ്. നാളിതുവരെ ടി സെക്ടറിലെ പദ്ധതികൾക്കായി 10.25 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.<br><br>അർബൻ ട്രാൻസ്പോർട്ട് സെക്ടറിലെ 12 പദ്ധതികൾക്ക് 21.92 കോടി രൂപയ്ക്ക് ഭരണാനുമതിയും 20.69 കോടി രൂപയ്ക്ക് സാങ്കേതികാനുമതിയും ലഭിക്കുകയും 20.69 കോടി രൂപയ്ക്ക് ടെന്റർ ക്ഷണിച്ചിട്ടുള്ളതുമാണ്. കൂടാതെ 10.18 കോടി രൂപയുടെ 10 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. ഈ മേഖലയിലെ 12 പ്രവൃത്തികളുടെയും നിർമ്മാണം നടത്തുന്നത് കോർപ്പറേഷനാണ്. ഒരു പ്രവൃത്തി പൂർത്തീകരിച്ചു. 6 പ്രവൃത്തികളുടെ നിർമ്മാണം പുരോഗതിയിലാണ്. 3 പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. 2 പ്രവൃത്തികൾക്ക് ദർഘാസ് നടപടികൾ ആരംഭിച്ചു നാളിതുവരെ ടി സെക്ടറിലെ പദ്ധതികൾക്കായി 0.74 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.<br><br>പാർക്ക് സെക്ടറിൽ 5.23 കോടി രൂപയുടെ 7 പദ്ധതികൾക്ക് ഭരണാനുമതിയും 3.31 കോടി രൂപയുടെ സാങ്കേതികാനുമതിയും ലഭിക്കുകയും 3.31 കോടി രൂപയുടെ ടെന്റർ ക്ഷണിച്ചിട്ടുള്ളതുമാണ്. 3.25 കോടി രൂപയുടെ പദ്ധതികൾ വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. പ്രവൃത്തികളുടെ നിർവ്വഹണം നടത്തുന്നത് കോർപ്പറേഷനാണ്. ഇതിൽ 3 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. നാളിതുവരെ ടി സെക്ടറിലെ പദ്ധതികൾക്കായി 2.06 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | അമൃത് പദ്ധതിപ്രകാരം പുതിയതായി അംഗീകാരം ലഭിച്ചിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ? | (ബി) | പുതിയതായി പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ